"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- തിരുവനന്തപുരം നഗരസഭയിലെ ചെന്തിട്ട സർക്കിൾ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ആർ അനിൽ കുമാറിനെതിരായി ആരംഭിച്ച നടപടി- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.964/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/05/2021

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.07.2012 തീയതിയിലെ ഇ1(എസ്.സി. 7/2012/റ്റി.വി.എം-പാർട്ട് എ) 14419/2012 നമ്പർ കത്ത്

2 25.10.2013 തീയതിയിലെ 59099/ഇയു2/2012/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 21.02.2019 തീയതിയിലെ വി1- 20269/2013 നമ്പർ കത്ത് .

4 21.10.2019 തീയതിയിലെ സഉ(സാധാ) നം. 2318/2019/തസ്വഭവ

5 നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 09.12.2019 തീയതിയിലെ വി1- 20269/2013 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ ചെന്തിട്ട സർക്കിൾ ഓഫീസിൽ 27.02.2012 ന് തിരുവനന്തപുരം സതേൺ റേഞ്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ പ്രസ്തുത സർക്കിൾ ഓഫീസിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ആർ അനിൽ കുമാറിന്റെ കൈവശത്തു നിന്ന് കണക്കിൽ പെടാത്ത 500/- രൂപ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് പരാമർശം 2 പ്രകാരം ടിയാന് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ശ്രീ. അനിൽ കുമാർ സമർപ്പിച്ച മറുപടിയും ആയതിന്മേലുള്ള നഗരകാര്യ ഡറക്ടറുടെ റിപ്പോർട്ടും പരിശോധിച്ചതിൽ ടിയാന്റെ വിശദീകരണം അംഗീകരിക്കത്തക്കതല്ലായെന്ന് കണ്ടതിനാൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം 3 പ്രകാരം നഗരകാര്യജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

2. മേൽ വിഷയത്തിൽ അന്വേഷണം നടത്തിയതിന്റേയും, ആരോപണ വിധേയനായ ശ്രീ.

അനിൽ കുമാറിനെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ നഗരകാര്യജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം വിജിലൻസ് വിഭാഗം ഉദ്യോഗസ്ഥന്മാർ മിന്നൽ പരിശോധന നടത്തിയ വേളയിൽ ശ്രീ. ആർ. അനിൽ കുമാറിന്റെ ഉപയോഗത്തിലുള്ള സൈൻ ബോർഡിന്റെ മേലെ 500/- രൂപ കണ്ടെത്തിയതായും ടിയാന്റെ കൈവശമുണ്ടായിരുന്ന 1,090/- രൂപയ്ക്ക് പുറമെയാണ് ടി തുക സൂക്ഷിച്ചിരുന്നതെന്നും ഇപ്രകാരം കണക്കിൽപ്പെടാത്ത തുകയ്ക്ക് ശ്രീ. അനിൽ കുമാർ ഉത്തരവാദിയാണെന്നും വിജിലൻസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ശ്രീ.ആർ. അനിൽ കുമാറിന്റെ മറുപടി പരിശോധിച്ചതിൽ നിന്നും ടിയാൻ ഓഫീസിൽ ഇല്ലാതിരുന്ന അവസരത്തിൽ ശത്രുതയുള്ള ആരെങ്കിലും ടിയാനെ ഔദ്യോഗികമായി നിശബ്ദനാക്കാനും ദ്രോഹിക്കാനും അപകീർത്തിപ്പെടുത്താനും വേണ്ടി ടിയാന്റെ മേശപ്പുറത്ത് ഉണ്ടായിരുന്ന മാസികകൾക്കിടയിൽ 500/- രൂപ തിരുകി വച്ചതായിരിക്കാം എന്ന് വിശ്വസിക്കുന്നതായി ടിയാൻ മൊഴി നൽകിയിട്ടുണ്ട്. വ്യാപാര ലൈസൻസ് പുതുക്കുന്നതിനുള്ള അവസാന തീയതി 01.03.2012 ആയതിനാൽ ഏകദേശം 50 ഓളം പേർ സർക്കിൾ ഓഫീസിൽ നിൽക്കുന്നുണ്ടായിരുന്നുവെന്നും ടിയാന്റെ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. രാവിലെ 7.00 മണിക്ക് ഓഫീസ് തുറന്നതിനു ശേഷം തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തി ടിയാൻ വാർഡിലെ ഫീൽഡ് പരിശോധനയ്ക്ക് പോയി 10.15 നാണ് ഓഫീസിൽ തിരികെ എത്തിയതെന്നും പുറത്തു പോകുന്ന വേളയിൽ ഓഫീസ് അടക്കാറില്ല എന്നും ടിയാന്റെ മേശയ്ക്ക് പൂട്ട് ഇല്ലായിരുന്നുവെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. ശുചീകരണ ജോലി സംബന്ധിച്ച് കർശന നിലപാട് സ്വീകരിക്കുന്നതു മൂലവും അനധികൃത വ്യാപാരങ്ങൾക്ക് എതിരെ മുഖം നോക്കാതെ നിലപാടുകൾ സ്വീകരിക്കുന്നതു മൂലവും പല തൊഴിലാളികളും ചില വ്യാപാരികളും ടിയാനുമായി ശത്രുതയിലായിരുന്നു എന്ന് ശ്രീ. ആർ. അനിൽ കുമാർ മറുപടി നൽകിയിരുന്നു.

3. വിജിലൻസ് വകുപ്പിന്റെ പരിശോധന റിപ്പോർട്ടും ശ്രീ. അനിൽ കുമാറിനെതിരെയുള്ള ആരോപണങ്ങളും ടിയാൻ സമർപ്പിച്ച മറുപടിയും മറ്റും വിശകലനം ചെയ്തതിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായപ്രകാരം ശ്രീ.അനിൽകുമാറിന്റെ മേശയുടെ മേലെ 500/- രൂപ തിരുകി വച്ചത് ടിയാനോട് ശത്രുതയുള്ള ആരെങ്കിലും ആയിരിക്കാമെന്ന വാദം അടിസ്ഥാനരഹിതമാണ് എന്നും അമ്പതോളം ആളുകൾ കൂടി നിൽക്കെ ഇപ്രകാരം ആരെങ്കിലും ശത്രുതാപരമായി പെരുമാറുമെന്ന് കരുതുന്നത് തീരെ വിശ്വസനീയമല്ല എന്ന് അഭിപ്രായപ്പെടുന്നു. അപ്രകാരം ടിയാനെ അപകീർത്തിപ്പെടുത്താനോ ദ്രോഹിക്കാനോ ശ്രമിച്ച ആളുകൾക്കെതിരെ ടിയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായോ ആയത് സംബന്ധിച്ച് സത്യാവസ്ഥ കണ്ടെത്തുവാൻ മേലധികാരികൾക്ക് പരാതി നൽകിയതായോ ഒന്നുംതന്നെ ടിയാന്റെ മറുപടിയിലോ, മൊഴിയിലോ കാണുവാൻ സാധിക്കുന്നില്ല. കൂടാതെ ശ്രീ. അനിൽ കുമാറിന്റെ മേശയിൽ നിന്നും 500/- രൂപ കണ്ടെത്തിയത് സംബന്ധിച്ച് അവിടെ കൂടിയിരുന്ന ആളുകളോട് അന്വേഷിച്ചപ്പോൾ എല്ലാവരും മൗനം പാലിക്കുകയുണ്ടായിയെന്നാണ് വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നത്.മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ. ആർ. അനിൽ കുമാറിന്റെ പ്രതിവാദം വസ്തുതാപരമല്ലെന്നും നിയമപരമായി നിലനിൽക്കത്തക്കതല്ലെന്നതിനാൽ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ അംഗീകരിക്കാവുന്നതാണെന്ന് അന്വേഷണഉദ്യോഗസ്ഥൻ ശുപാർശചെയ്യുന്നു.

4. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ശ്രീ.അനിൽ കുമാർ സമർപ്പിച്ച മറുപടി നഗരകാര്യ ഡറക്ടറുടെ റിപ്പോർട്ട് നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ വിജിലൻസ് പരിശോധനയിൽ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.ആർ.അനിൽ

കുമാറിന്റെ കൈവശത്തു നിന്ന് കണക്കിൽപെടാത്ത 500/- രൂപ കണ്ടെത്തിയതിൽ ടിയാന്റെ വിശദീകരണം പരിഗണനാർഹമല്ലായെന്നു കാണുന്നു. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിലെ ചെന്തിട്ട സർക്കിൾ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് പ്രസ്തുത സർക്കിൾ ഓഫീസിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ആർ.അനിൽകുമാറിനെതിരായി ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ശംബള വർദ്ധനവ് സഞ്ചിത ഫലപ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. ആർ അനിൽ കുമാർ, ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ചെന്തിട്ട സർക്കിൾ ഓഫീസ്, തിരുവനന്തപുരം നഗരസഭ

(നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(15.02.2021തീയതിയിലെ VIG-D1/523/2020-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ